## പതിമൂന്നാം കേരള നിയമ സഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ .660 — 10.03.2015-ൽ മറുപടിക്ക്.

### ചെറുകിട കർഷകരുടെയും ബി.പി.എൽ കുടുംബത്തിൽപ്പെട്ട കുടുംബത്തിലെയും പെൺകുട്ടികൾക്ക് ലാപ് ടോപ്പ്

ചോദ്യം — മറുപടി

ശ്രീ. എസ്. രാജേന്ദ്രൻ.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
( വ്യവസായവും വിവര സാങ്കേതികവും
വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ചെറുകിട കർഷകരുടെയും ബി.പി.എൽ കുടുംബത്തിൽപ്പെട്ട കുടുംബത്തിലെയും പ്രൊഫഷണൽ കോഴ്സുകൾക്ക് അഡ്മിഷൻ നേടിയ എല്ലാ പെൺകുട്ടികൾക്കും ലാപ് ടോപ്പ് സൗജന്യമായി നൽകിയിട്ടുണ്ടോ; എത്ര പേർക്ക് നൽകുകയുണ്ടായി; ഇതിനായി ചെലവഴിച്ച മൊത്തം തുക എത്ര ; നടപ്പ് ബജറ്റിൽ വകയിരുത്തിയിരുന്ന തുക എത്രയായിരുന്നു ; | (എ) & (ബി) & (സി) | ഇല്ല. പ്രൊഫഷണൽ കോഴ്സുകൾക്ക് അഡ്മിഷൻ ലഭിക്കുന്ന ചെറുകിട കർഷക കുടുംബത്തിലേയോ ബി.പി.എൽ കുടുംബത്തിലോപ്പെട്ട പെൺകുട്ടികൾക്ക് ലാപ് ടോപ്പ് നൽകുന്നതിനായി 2014-15 ബജറ്റിൽ ഒരു പദ്ധതി പ്രഖ്യാപിച്ചിരുന്നു. പ്രസ്തുത പദ്ധതിക്ക് 28.02.2015-ലെ സർക്കാർ ഉത്തരവ് (സാധാ.) നം. 29/2015/ഐടിഡി പ്രകാരം ഭരണാനുമതി നൽകി കഴിഞ്ഞു. 2014-15 സാമ്പത്തിക വർഷത്തിൽ 1500 പെൺകുട്ടികൾക്ക് 525 ലക്ഷം രൂപ ചെലവിൽ ലാപ് ടോപ്പ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെയും / സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെയും സഹായത്തോടെ യോഗ്യരായ വിദ്യാർത്ഥിനികളെ കണ്ടെത്തി കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ ലാപ് ടോപ്പുകൾ വിതരണം ചെയ്യുന്നതാണ്. |
| (ബി) | ഏതു ഏജൻസി വഴിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയത് ; എത്ര ലാപ് ടോപ്പുകൾ ഇതിനായി വാങ്ങുകയുണ്ടായി ; വിതരണം ചെയ്തവ എത്ര; ഏത് കമ്പനിയുടെ എന്ത് വിലയുള്ള ലാപ് ടോപ്പുകൾ വാങ്ങുകയുണ്ടായി; | | |

| | | | |
|---|---|---|---|
| (സി) | ഇതിനായി ടെണ്ടർ നടപടികൾ സ്വീകരിക്കുകയുണ്ടായോ; ഏതെല്ലാം കമ്പനികൾ ക്വാട്ട് ചെയ്തു; ക്വാട്ട് ചെയ്ത തുകകൾ സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ ? | | |

സെക്ഷൻ ഓഫീസർ.